സമഗ്ര കടൽ സുരക്ഷാ കിറ്റ്

185 (4809) ശ്രീ. എൻ. രാജൻ :
ശ്രീ. എ. കെ. ചന്ദ്രൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സമഗ്ര കടൽ സുരക്ഷാ കിറ്റിന് എന്തു വിലയാകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

സമഗ്ര കടൽ സുരക്ഷാ കിറ്റ് ഒരെണ്ണത്തിന് ഏകദേശം 20,000 രൂപ വിലയാകും.

സമഗ്ര കടൽ സുരക്ഷാ പദ്ധതി

186 (4810) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമഗ്ര കടൽ സുരക്ഷാ പദ്ധതി നടപ്പിലാക്കിയശേഷം ഇതുവരെ എത്ര മത്സ്യത്തൊഴിലാളികൾക്ക് സഹായങ്ങൾ ലഭ്യമാക്കാനായിട്ടുണ്ട് എന്നറിയിക്കുമോ ;

(ബി) അപകടത്തിൽപ്പെടുന്ന എല്ലാ മത്സ്യത്തൊഴിലാളികൾക്കും ഇൻഷ്വറൻസ് സഹായം ലഭ്യമാക്കുന്നതിന് ഈ പദ്ധതിയിലൂടെ കഴിയുന്നുണ്ടോ ;

(സി) ഈ പദ്ധതിയിലൂടെ മറ്റെന്തൊക്കെ കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മത്സ്യസുരക്ഷാ പദ്ധതിയിൻകീഴിലുള്ള അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം നാളിതുവരെ 182 മത്സ്യത്തൊഴിലാളി ആശ്രിതർക്ക് ഇൻഷ്വറൻസ് ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ ക്രാഫ്റ്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 14 മത്സ്യത്തൊഴിലാളികളുടെ നാശനഷ്ടം സംഭവിച്ച മത്സ്യബന്ധനോപാധികൾക്കും ധനസഹായം നൽകിയിട്ടുണ്ട്. സമഗ്ര കടൽ സുരക്ഷാ പദ്ധതി പ്രകാരം 2 പട്രോൾ ബോട്ടുകൾ വാങ്ങുകയും ഒരെണ്ണം വാങ്ങുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു.

(ബി) മത്സ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി മത്സ്യബോർഡ് നടപ്പിലാക്കിവരുന്ന അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിപ്രകാരം മത്സ്യത്തൊഴിലാളി

LIBRARY ARCHIVES Kerala Legislative Assembly

പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാവരെയും ഇൻഷർ ചെയ്യുന്നതിനാൽ അപകടത്തിൽപ്പെടുന്ന എല്ലാവർക്കും സഹായത്തിന് അർഹതയുണ്ട്.

(സി) 7-12-2009 മുതൽ അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം മത്സ്യബന്ധനവേളയിൽ അപകടംമൂലം കാണാതാകൽ, അപകടംമൂലം മരണം, അപകടംമൂലം പൂർണ്ണഅവശത എന്നിവയ്ക്ക് 2 ലക്ഷം രൂപയും അപകടം-അപകടംമൂലം ഭാഗികമായ അവശതയ്ക്ക് 1 ലക്ഷം രൂപയും, അപകടംമൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തി ചികിത്സ വേണ്ടിവരുന്നവർക്ക് ഇരുപതിനായിരം രൂപ വരെ ചികിത്സാ സഹായവും, കുട്ടികളുടെ വിദ്യാഭ്യാസത്തിന് 5000 രൂപ മുതൽ 10000 രൂപ വരെയും, അപകടംമൂലം അംഗവൈകല്യം സംഭവിക്കുന്നവർക്ക് അപകടത്തിന്റെ തോത് അനുസരിച്ച് രണ്ടായിരം രൂപ മുതൽ ഒരു ലക്ഷം രൂപ വരെയും, ശവസംസ്ക്കാര ചടങ്ങിന് രണ്ടായിരം രൂപയും ധനസഹായം ലഭിക്കുന്നുണ്ട്.

സമഗ്ര തീരദേശ വികസ പദ്ധതി

187 (4811) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സമഗ്ര തീരദേശ വികസന പദ്ധതിയിൻകീഴിൽ ഏതൊക്കെ ജില്ലകളിലാണ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഇതിന്റെ ഭാഗമായി പുതുതായി എവിടെയൊക്കെ ഫിഷിംഗ് ഹാർബറുകൾ നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; ഇതിനായി ഇതുവരെ എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനായി എന്ന് വെളിപ്പെടുത്തുമോ ;

(സി) ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണം എന്ന് പൂർത്തീകരിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത് ;

(ഡി) ഇവയുടെ പ്രവർത്തനം സമയബന്ധിതമായി നടപ്പിലാക്കാൻ ആകാത്തതിലുള്ള കാരണങ്ങൾ എന്തൊക്കെയാണ് ;

(ഇ) ഇവ എന്ന് പൂർത്തിയാക്കാൻ കഴിയും എന്നറിയിക്കുമോ ;

(എഫ്) സമഗ്ര തീരദേശ വികസന പദ്ധതിയിൽ എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തുക ; എത്ര കോടി ചെലവ് പ്രതീക്ഷിക്കുന്നു ; എന്ന് പൂർത്തിയാകും ?

LIBRARY ARCHIVES Kerala Legislative Assembly